

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 1 No. 27 THE ONLINE OFFICIAL NEWS BULLETTIN 2018 July 5

SEASON OF PENTECOST പെന്തിക്കോസ്തികാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪5 1	♪1 2	 ♪8 3	♪1 4	 ♪5 5	♪1 6	 ♪5 7
6th Sunday after Pentecost		✝ Dukrono Comme. of St. Thomas the Apostle		72 Evangelists 209th Memorial of Marthoma VII (Kolenchery Palli)		21st Memorial of Zachariah Mor Dionysius Metropolitan (Pathanapuram Tabor Dayara)

'മരുഭൂമിയിലെ നീരുറവ' കൂടിവരവ് ഓഗസ്റ്റ് 4-ന്

ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന ദൗത്യമായിരുന്നു സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ (മരുഭൂമിയിലെ നീരുറവ). 'മരുഭൂമിയിലെ നീരുറവ'യുടെ ഈ വർഷത്തെ വാർഷിക ഒത്തുചേരൽ ഓഗസ്റ്റ് നാലിന് രാവിലെ 9:30 മുതൽ തിരുവല്ല ബഥനി അരമന ബേസിൽ സെൻററിൽ വെച്ച് നടത്തുന്നു.

ഡോ. യൂഹാനോൻ മാർ മിലിത്തോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മെത്രാപ്പോലീത്താമാരുടെ മഹനീയ സാന്നിദ്ധ്യത്തിൽ പൊതുസമ്മേളനം, സ്റ്റോക്കിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും തിരികെപോന്നവരുമായ നാടിൻറെ നാനാഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളെ പരിചയപ്പെടൽ, സ്കൂൾ / ബോർഡ്/ യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ സമർത്ഥരെ അനുമോദിക്കൽ എന്നിവ നടക്കും.

നോർത്ത്ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫെറൻസ് 2018 റാഫിൾ വിതരണോത്ഘാടനം ടൊറന്റോ സെൻറ് തോമസ് ഇടവകയിൽ

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ്സഭ നോർത്ത്ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത്കോൺഫറൻസിൽ കൊടി ഉയരുവാൻ 13 ദിവസം ബാക്കിനിൽക്കെ ആയിരത്തിലധികം പേർ റജിസ്റ്റർ ചെയ്തു കഴിഞ്ഞതായി കോൺഫറൻസ്കോഓർഡിനേറ്റർ ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ അറിയിച്ചു. രജിസ്ട്രേഷൻ തുടരുകയാണ്.

വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നതായി ട്രഷറർ മാത്യൂ വർഗീസ് അറിയിച്ചു. റാഫിൾ ടിക്കറ്റിന്റെ കാനഡ ഏരിയായിലെ വിതരണോദ്ഘാടനം ജൂലൈ ഒന്നിന് ടൊറൻറോ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ വിശുദ്ധ കുർബാനയ്ക്കുശേഷം വികാരി റവ. ഡോ. തോമസ് ജോർജ് നിർവഹിച്ചു. ട്രസ്റ്റി ജോർജ് ഏബ്രഹാം ടിക്കറ്റ് ഏറ്റുവാങ്ങിയതായി ടൊറൻറോ ഏരിയാ കോഓർഡിനേറ്റർ ജയിംസ് സാമുവേൽ അറിയിച്ചു.

ബാലസമാജം കേന്ദ്ര കലാമത്സരം ജൂലൈ 14-ന്

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഖില മലങ്കര ബാലസമാജം കലാമത്സരം ജൂലൈ 14-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ രണ്ട് സോണുകളിലായി നടത്തപ്പെടും. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള 10 ഭദ്രാസനങ്ങൾ ഉൾക്കൊള്ളുന്നതായ സൗത്ത് സോൺ കലാമേള തിരുവല്ല എം.ജി.എം സ്കൂളിൽ വച്ച് ബാലസമാജം കേന്ദ്ര പ്രസിഡൻറ് അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായും കോട്ടയം മുതൽ ബത്തേരി വരെയുള്ള 10 ഭദ്രാസനങ്ങൾ ഉൾക്കൊള്ളുന്നതായ നോർത്ത് സോൺ കലാമേള കൊരട്ടി സീയോൻ അരമനയിൽ വച്ച് അഭിവന്ദ്യ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായും ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. സബ്ബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി ആക്ഷൻ സോങ്, ബൈബിൾ കഥാകഥനം, കളറിങ്, സുറിയാനി ലളിത ഗാനം, പ്രസംഗം, ബൈബിൾ കഥാ രചന, വാട്ടർ കളർ, ഗ്രൂപ്പ് സോങ്, ബൈബിൾ കഥാപ്രസംഗം, ഉപന്യാസം, പെൻസിൽ ഡ്രോയിങ് എന്നീ വിഷയങ്ങൾക്ക് ഭദ്രാസന തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർ കലാ മത്സരത്തിൽ പങ്കെടുക്കും. ക്വിസ് മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ ടീമിന് മാത്രം പങ്കെടുക്കാവുന്നതാണ്. ഒരു ടീമിൽ മൂന്ന് അംഗങ്ങളിൽ കൂടുതൽ പാടില്ലാത്തതാകുന്നു. മത്സരാർത്ഥികൾ പ്രായം തെളിയിക്കുന്നതിന് വികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കണം. രജിസ്റ്റർ ചെയ്ത യൂണിറ്റുകളിലെ കുട്ടികൾക്കു മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. ജനറൽ സെക്രട്ടറി റവ.ഫാ.ജിത്തു തോമസ്, ജോയിൻറ് സെക്രട്ടറിമാരായ ശ്രീ.ലിപിൻ പുന്നൻ, ശ്രീമതി ലിസ്സി അലക്സ്, ട്രഷറർ ശ്രീ.ജേക്കബ് ജോർജ്ജ് എന്നിവരോടൊപ്പം ഭദ്രാസന ജനറൽ സെക്രട്ടറിമാർ ജോയിൻറ് സെക്രട്ടറിമാർ എന്നിവരെ ഉൾപ്പെടുത്തി വിവിധ കമ്മറ്റികൾ ചേർന്ന് കലാമേളയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി വരുന്നതായി കേന്ദ്ര വൈസ് പ്രസിഡൻറ് റവ.ഫാ.ബിജു പി.തോമസ് അറിയിച്ചു.

അഖില മലങ്കര ക്വിസ് മത്സരം

കോട്ടൂർ സെൻറ് മേരീസ്?ഓർത്തഡോക്സ് ഇടവകയിലെ മാർ ദിവന്നാസിയോസ് യുവജനപ്രസ്ഥാനത്തിൻറെ ആഭിമുഖ്യത്തിൽ ഫാ. പി. റ്റി ജേക്കബ് മെമ്മോറിയൽ അഖില മലങ്കര ക്വിസ് മത്സരം ഓഗസ്റ്റ് 12 ഞായറാഴ്ച നടക്കും. ഒന്നാം സമ്മാനം 7500 രൂപ ക്യാഷ് അവാർഡും ട്രോഫിയും. രണ്ടാം സമ്മാനം 5000 രൂപ ക്യാഷ് അവാർഡും ട്രോഫിയും. മൂന്നാം സമ്മാനം 3000 രൂപ ക്യാഷ് അവാർഡും ട്രോഫിയും. ഫോൺ: 7025355207, 8086199276, 9747845858

Published By H.G.Dr.Geevarghese Mar Yulios Media Department President-MOSC

വിശുദ്ധ തോമ്മാ ശ്ലീഹാ

ഫാ. എ. എം. പൗലോസ് ആത്തുങ്കൽ

മിശിഹായുടെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമ്മാ, ചരിത്രത്തിൽ അറിയപ്പെടുന്നത്. വി. തോമ്മാശ്ലീഹായ്ക്ക് ദിദിമോസ് (ഇരട്ട) എന്നും 'യഹൂദ' എന്നും രണ്ടു പേരുകൾ ഉണ്ടായിരുന്നു. തോമസ് എന്നത് അറമായ സുറിയാനിയിലെ നാമവും ദിദിമോസ് അതിന്റെ ഗ്രീക്ക് പരിഭാഷയും ആണ്. തന്റെ സഹോദരനായ ആദായിയോടു കൂടി ഇരട്ട പിറന്നവൻ എന്നയർത്ഥത്തിലാണ് തനിക്കാ പേരുണ്ടായതെന്നും, അല്ല അദ്ദേഹത്തിന്റെ രണ്ടു വിരലുകൾ ചേർന്നിരുന്നതുകൊണ്ടാണ് അങ്ങനെ വിളിക്കപ്പെട്ടതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ചുരുക്കത്തിൽ 'യഹൂദ' എന്നുള്ളത് തന്റെ ഒന്നാമത്തെ നാമവും 'തോമസ്' രണ്ടാം നാമവും ആയിരുന്നു. നാലാമത്തെ സുവിശേഷത്തിൽ മൂന്ന് പ്രാവശ്യം തോമാ അഥവാ ദിദിമോസ് എന്ന പരാമർശം കാണാം. ഗ്രീക്ക് സംസാരിക്കുന്ന ക്രിസ്ത്യാനികളുടെ ഇടയിൽ ദിദിമൂസ് എന്ന പേരിലാണ് തോമ്മാ അറിയപ്പെട്ടിരുന്നത്. തോമ്മായുടെ ചൂണ്ടുവിരലും അതിനടുത്ത നടുവിരലും ഒരുമിച്ചിരുന്നുവെന്നും കർത്താവിന്റെ വിലാപ്പുറത്ത് സ്പർശിച്ചപ്പോൾ അവ വേർപെട്ടു എന്നും ഒരു ഐതീഹ്യം ഉണ്ട്.

തോമ്മായുടെ ആദ്യകാല ജീവിതം

തോമ്മാശ്ലീഹാ ഗലീലക്കാരനായിരുന്നു. സുവിശേഷത്തിൽ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് ധൈര്യശാലിയും ആത്മാർത്ഥതയുടെ അടിസ്ഥാനത്തിൽ ഉറച്ച തീരുമാനക്കാരനും ആയിട്ടാണ്. യഹൂദന്മാർ യേശുവിനെതിരായി ഗൂഢാലോചന നടത്തുന്നതിനാൽ യഹൂദ്യയിലേക്ക് പോകുന്നതിന് ചില ശിഷ്യന്മാർ നിരുത്സാഹപ്പെടുത്തിയപ്പോൾ "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:16) എന്ന് തോമസ് ധൈര്യപൂർവ്വം എല്ലാവരേയും ആഹ്വാനം ചെയ്യുന്നുണ്ട്. ഗലീലാക്കടലിൽ മീൻ പിടിക്കുവാൻ പോയ ശിഷ്യന്മാരുടെ കൂട്ടത്തിൽ തോമ്മായും ഉണ്ടായിരുന്നു (യോഹ. 21:2). ഗലീലായിലെ യേശുവിന്റെ പ്രാരംഭശുശ്രൂഷക്കാലത്ത് ശിഷ്യഗണത്തിൽ തോമ്മാ ചേർന്നിരിക്കണം. ശ്ലീഹന്മാരെ കർത്താവ് തെരഞ്ഞെടുത്തപ്പോൾ 12 പേരിൽ ഒരാളായിരുന്നു തോമ്മാ. ആദ്യത്തെ 3 സുവിശേഷങ്ങളിൽ തോമ്മായെപ്പറ്റി ഒന്നും തന്നെ കാണുന്നില്ല. ശ്ലീഹന്മാരുടെ പട്ടികയിൽ തോമ്മായുടെ പേരുണ്ടെന്നു മാത്രം. യോഹന്നാന്റെ സുവിശേഷത്തിലാണ് തോമ്മാശ്ലീഹായെപ്പറ്റി പല കാര്യങ്ങളും നാം കാണുന്നത്.

വിശ്വാസപ്രഖ്യാപനത്തിന്റെ ആദർശ മാതൃകയായിട്ടാണ് ബൈബിൾ വ്യാഖ്യാതാക്കൾ തോമ്മാശ്ലീഹായെ അവതരിപ്പിക്കുന്നത്. 'എന്റെ കർത്താവും ദൈവവുമായുള്ളോവേ' (യോഹ. 20:28) എന്ന പ്രഖ്യാപനം മറ്റാരും നടത്തിയിട്ടില്ല. നാലാം സുവിശേഷത്തിൽ വിശ്വാസിക്ക് അനുകരിക്കാൻ തോമ്മാശ്ലീഹായേയാണ് യോഹന്നാൻ കാട്ടിത്തരുന്നതെന്ന് പ്രസിദ്ധ ബൈബിൾ പണ്ഡിതന്മാരായ റെയ്മൺണ്ട് ബ്രൗൺ, റുഡോൾഫ്, സി. കെ. ബാരറ്റ് എന്നിവർ പറയുന്നുണ്ട്. യേശുവിനെ അനുകരിക്കുന്ന സകല കാലത്തേയും സകല ശിഷ്യന്മാരുടേയും പ്രതിനിധിയാണ് തോമ്മാശ്ലീഹാ. തോമ്മാ ഒരു വിശ്വാസ പ്രതീകമാണ്. താൻ കണ്ടു വിശ്വസിച്ചവനാണ്. ഒപ്പം കാണാതെ വിശ്വസിച്ചവനുമാണ്. മിശിഹായിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിയുടെ വിശ്വാസ പ്രഘോഷണത്തിന്റെ സംക്ഷിപ്തരൂപമാണ് 'എന്റെ കർത്താവും ദൈവവുമായുള്ളോവേ' എന്നത്. ശ്ലീഹന്മാരിലൂടെ വിശ്വസിക്കുന്നവരെല്ലാം കാണാതെ വിശ്വസിക്കുന്നവരാണ്.

തോമ്മായുടെ പ്രേഷിതത്വം

തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെപ്പറ്റി നമുക്ക് ലഭിച്ചിട്ടുള്ള അറിവിന്റെ ആധാരം പാരമ്പര്യമാണ്. പെന്തിക്കോസ്തിക്കു ശേഷം ശ്ലീഹാ കുറേക്കാലം പലസ്തീനിൽ തന്നെ സുവിശേഷം അറിയിച്ചുകൊണ്ട് താമസിച്ചു. "മാർത്തോമ്മായുടെ പ്രവർത്തനങ്ങൾ" എന്ന പുരാതന രേഖയിൽ ഇപ്രകാരം കാണുന്നത്, ഇന്ത്യയിലെ ഗോണ്ടഫോറസ് രാജാവിന്റെ കൊട്ടാരം പണിക്കുള്ള ശില്പിയായി അബ്ബാനീസ് എന്ന കച്ചവടക്കാരനോടൊപ്പം മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ എത്തി എന്നാണ്. ഗോണ്ടഫോറസിന്റെ നാമത്തിലുള്ള നാണയങ്ങൾ



ഓർമ്മ ജൂലൈ 3-ന്

ചരിത്രകാരന്മാർ കണ്ടെടുത്തിട്ടുള്ളതുകൊണ്ട് ഈ കഥയ്ക്ക് പ്രാബല്യം വളരെയുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ അദ്ഭുതപ്രവർത്തനങ്ങളുടേയും പ്രസംഗത്തിന്റേയും അടിസ്ഥാനത്തിൽ ഗോണ്ടഫോറസ് രാജാവും വളരെ പ്രജകളും ക്രിസ്ത്യാനികളായെന്നും ഈ രേഖയിൽ പറയുന്നു.

12 പേരിൽ ഏറ്റവും സമർത്ഥനും ഫലപ്രദമായി സുവിശേഷഘോഷണം നിർവ്വഹിച്ചതും തോമ്മാശ്ലീഹായാണെന്ന് എവുസേബിയസ് എന്ന ചരിത്രകാരൻ പറയുന്നുണ്ട്. എ. ഡി. 13-നും 50-നും ഇടയ്ക്ക് എഡേസ്സാ ഭരിച്ചിരുന്ന അബ്ഗാരിയൂസ് രാജാവിനെ തോമ്മാ ശ്ലീഹാ മാനസാന്തരപ്പെടുത്തി. അബ്ഗാർ ഒരു രോഗിയായിരുന്നു. അദ്ദേഹത്തെ സുഖപ്പെടുത്താൻ ആർക്കും കഴിഞ്ഞില്ല. തുടർന്ന് യേശുവിന്റെ സൗഖ്യദായക സ്വഭാവത്തെ തോമ്മാ മൂലം താൻ അറിഞ്ഞു.

എന്നാൽ ഭാരതത്തിൽ, കേരളത്തിലെ പ്രബലവും പുരാതനവുമായ പാര

മ്പര്യം അനുസരിച്ച് എ. ഡി. 52-ൽ തോമ്മാ ശ്ലീഹാ കേരളത്തിന്റെ തുറമുഖമായ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. മലങ്കരയിൽ അദ്ദേഹം കൊല്ലം, കൊടുങ്ങല്ലൂർ, പാലൂർ, പറവൂർ, ഗോക്കമംഗലം, ചായൽ, നിരണം എന്നീ ഏഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുവാൻ തക്കവണ്ണം ഫലപ്രദമായ സുവിശേഷ പ്രവർത്തനം നടത്തി. ഇതിൽ ചായൽ ദേവാലയാവശിഷ്ടങ്ങളുടെ അടുത്താണ് ഇപ്പോൾ നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയം പണികഴിപ്പിച്ചിരിക്കുന്നത്. കൂടാതെ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ ബ്രാഹ്മണ കുടുംബത്തിൽ നിന്നു ക്രിസ്ത്യാനികളായവരിൽ ചിലരെ പുരോഹിതന്മാരായി നിയമിച്ചു. മലങ്കരയിൽ വർഷങ്ങളായി നിലവിലിരിക്കുന്ന മാർഗ്ഗംകളിപ്പാട്ടുകളുടെ പ്രധാന ഇതിവൃത്തം മാർത്തോമ്മാ ശ്ലീഹായുടെ മലങ്കരയിലെ സുവിശേഷ പ്രവർത്തനങ്ങളാണ്.

മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വവും കബറിടവും

ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടിൽ ചോഴ മണ്ഡലത്തിൽ മൈലായി എന്ന പട്ടണമുണ്ടായിരുന്നു. ഇപ്പോഴത്തെ ചെന്നൈ നഗരത്തിന്റെ പ്രാന്തപ്രദേശത്താണ് മൈലാപ്പൂർ സ്ഥിതിചെയ്യുന്നത്. വളരെ പുരാതനമായ ഒരു പട്ടണമാണ് മൈലാപ്പൂർ. ഇവിടെ ധാരാളം റോമാക്കാരും യഹൂദരും താമസിച്ചിരുന്നു. പ്രശസ്തമായ ഒരു ഹിന്ദുമത ക്ഷേത്രവും ഇവിടെ ഉണ്ടായിരുന്നു. 7-ാം നൂറ്റാണ്ടു മുതൽ ഇപ്പറഞ്ഞവയ്ക്ക് തെളിവുകൾ ഉണ്ടു താനും. അന്ന് ചോഴ മണ്ഡലം ഭരിച്ചിരുന്നത് നരസിംഹ രാജാവായിരുന്നു.

മലങ്കരയിൽ നിന്നും മാർത്തോമ്മാ ശ്ലീഹാ സുവിശേഷഘോഷണത്തിന് ചൈനയിലും മറ്റും പോയി. അവിടെനിന്ന് തിരിച്ചുവന്ന് എ. ഡി. 69-ൽ ശ്ലീഹാ മൈലാപ്പൂരിൽ സ്ഥിരതാമസമാക്കി. അവിടെ ഹിന്ദുക്കളുടെ ഉപദ്രവം തനിക്ക് സഹിക്കേണ്ടി വന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചും ശ്ലീഹാ യാത്ര ചെയ്ത് ധാരാളം അദ്ഭുതങ്ങൾ പ്രവർത്തിച്ചു. ഹിന്ദുക്കളിൽ വളരെപ്പേർ ശ്ലീഹായെ പരിശുദ്ധനായി കരുതിയിരുന്നു. 'തോമ്മായുടെ നടപടി'കളിലെ വിവരണമനുസരിച്ച് വളരെ നാളുകൾ നീണ്ട ഉപവാസത്തിലും പ്രാർത്ഥനയിലും തോമ്മാ വ്യാപരിച്ചിരുന്നു.

മൈലാപ്പൂരിലെ ബ്രാഹ്മണ പുരോഹിതർ തോമ്മായെ വലിയ ശത്രുവായി കണ്ടു. മതഭ്രാന്തരായ ക്രൈസ്തവ വിരോധികൾ അദ്ദേഹത്തെ കുന്തം കൊണ്ടു കുത്തി. ശ്ലീഹാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവർ അപ്രകാരം ചെയ്തത്. കുന്തമേറ്റത് എ. ഡി. 72 ഡിസംബർ 18-ാം തീയതിയാണെന്നും എന്നാൽ അദ്ദേഹം മരിച്ചത് ഡിസംബർ 21-ാം തീയതിയാണെന്നും ഒരു പാരമ്പര്യമുണ്ട്. മാർത്തോമ്മാശ്ലീഹായുടെ ഭൗതിക ശരീരം മൈലാപ്പൂരിലെ കലാമിനാ പട്ടണത്തിനരികെ ചിന്നമലയിൽ സംസ്കരിക്കപ്പെട്ടു.

എ. ഡി. 394-നോടടുത്ത് മാർത്തോമ്മാശ്ലീഹായുടെ തിരിശേഷിപ്പുകൾ ഇൻഡ്യയിൽ നിന്ന് എഡേസാ (ഉറഹാ) യിലേക്ക് കൊണ്ടുപോയി. അത് സ്ഥാപിച്ച പള്ളിയിൽ തോമ്മാശ്ലീഹായുടെ നാമത്തിൽ പെരുന്നാൾ ആചരിച്ച ദിവസമാണ് ജൂലൈ 3-ാം തീയതി എന്ന് പ്രബലമായ ഒരു പാരമ്പര്യമുണ്ട്. മാർത്തോമ്മായുടെ തിരുശേഷിപ്പ് പിൽക്കാലത്ത് എഡേസായിൽ നിന്നും മൂസലിൽ എത്തി. അതിന്റെ ഒരംശം 1965-ൽ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കായെ അന്നത്തെ പാത്രിയർക്കീസായിരുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ഏല്പിക്കുകയും മലങ്കരയിലേക്കു കൊണ്ടുവന്നു കോട്ടയം ദേവലോകം അരമനപ്പള്ളിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

മാർത്തോമ്മായുടെ ദുക്റോനോ

പൗരസ്ത്യ സുറിയാനി സഭകളിലും ലത്തീൻ സഭയിലും തോമ്മാ ശ്ലീഹായുടെ ദുക്റോനോ അഥവാ സ്മരണ കൊണ്ടാടുന്നത് ജൂലൈ 3-ാം തീയതിയാണ്. ഗ്രീക്ക് സഭയിൽ ഒക്ടോബർ 6-നും ചില ആംഗ്ലിക്കൻ സഭകളിൽ ഡിസംബർ 21-നും തോമ്മാശ്ലീഹായെ അനുസ്മരിക്കുന്നു.

തോമ്മാശ്ലീഹാ പകർന്നുതന്ന വചനത്തിന്റെ ചൈതന്യവും വെളിച്ചവുമാണ് ഇന്നും നമ്മുടെ മാർഗ്ഗദീപം.

മാർത്തോമാശ്ലീഹായും അഷ്ട ദേവാലയങ്ങളും

വിപിൻ കെ. വറുഗീസ് സൗത്ത് പാമ്പാടി

മാർത്തോമാശ്ലീഹായുടെ കേരളത്തിലെ പ്രേക്ഷിതവൃത്തിയുടെ സുപ്രധാന തെളിവുകളാണ് എട്ടു സ്ഥലങ്ങളിൽ സ്ഥാപിതമായ ക്രൈസ്തവ സമൂഹങ്ങൾ. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, ഗോക്കമംഗലം, നിരണം, നിലയ്ക്കൽ, കൊല്ലം, തിരുവിതാംകോട് എന്നിവയാണ് മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ അഷ്ട ക്രൈസ്തവ സമൂഹങ്ങൾ. ദേവാലയങ്ങൾ സ്ഥാപിച്ചു എന്നൊക്കെ പറയുന്നുണ്ടെങ്കിലും ആദിമ നൂറ്റാണ്ടുകളിൽ ലോകത്ത് ഒരിടത്തും ക്രൈസ്തവ സമുദായത്തിന് ദേവാലയങ്ങൾ ഇല്ലായിരുന്നു എന്ന് പ്രമുഖ ചരിത്രകാരന്മാർ സാക്ഷിക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തിലെ എട്ടു സ്ഥലങ്ങളിൽ ആരാധനാ കൂട്ടായ്മ ഉണ്ടായി എന്നേ അർത്ഥമാക്കേണ്ടതുള്ളു.

കൊടുങ്ങല്ലൂർ (മാല്യാങ്കര)

മാർത്തോമാശ്ലീഹാ പ്രഥമ ക്രൈസ്തവ സമൂഹത്തെ സൃഷ്ടിച്ചത് കൊടുങ്ങല്ലൂരിൽ ആണെന്നാണ് ഐതിഹ്യം. പ്രാചീന ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യകേന്ദ്രമായിരുന്നു കൊടുങ്ങല്ലൂർ. ഇവിടെ എത്തിയ തോമാശ്ലീഹാ അരമായ സുറിയാനി (കർത്താവ് സംസാരിച്ചത് അരമായ സുറിയാനിയിലായിരുന്നു) സംസാരിക്കുന്ന കച്ചവടക്കാരുടെ ഒരു പ്രബല യഹൂദ കോളനി അവിടെ കണ്ടെത്തി. അവരുടെ ഇടയിൽ പ്രവർത്തനം നടത്തിയ ശ്ലീഹാ ഒരു ക്രൈസ്തവസമൂഹം സൃഷ്ടിച്ചു. കേരളത്തിലെ ആദ്യ സംഘം ക്രിസ്ത്യാനികൾ യഹൂദന്മാർ ആയിരുന്നു എന്ന് മലബാർ മാനുവലിൽ വില്യം ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്. 15-ാം നൂറ്റാണ്ടിന്റെ അവസാനം കൊടുങ്ങല്ലൂരിൽ ഹൈന്ദവ ക്ഷേത്ര മാതൃകയിൽ ഒരു സുറിയാനി ദേവാലയമുണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. 1536-ൽ മുഹമ്മദീയർ ഈ ദേവാലയം നശിപ്പിച്ചു. 1953-ൽ കർദിനാൾ യൂജിൻ ടിസ്സറാങ്ങ് ഇറ്റലിയിലെ ഒർത്തോണയിൽ നിന്ന് മാർത്തോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ ഒരു അംശം ഇവിടെ കൊണ്ടുവന്നു.



ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രൽ

തിരുശേഷിപ്പ് സ്ഥാപിക്കുവാൻ 90 ദിവസം കൊണ്ട് ദേവാലയം സ്ഥാപിച്ചു. 1973-ൽ പള്ളി പുതുക്കി പണിതു.

ചാട്ടുകുളങ്ങര പാലൂർ (പാലയൂർ)

മാർത്തോമാശ്ലീഹാ സുവിശേഷവേല ചെയ്ത രണ്ടാമത്തെ സ്ഥലം യൂദക്കുന്ന് എന്നറിയപ്പെട്ടിരുന്ന യഹൂദ കമ്പോളമായ പാലൂർ ആണ്. ഈ പാലൂർ ചാട്ടുകുളം എന്ന പേരിലറിയപ്പെട്ട ഒരു കുളത്തിനടുത്താണ്. അതുകൊണ്ട് ഈ സ്ഥലം ചാട്ടുകുളങ്ങര പാലൂർ എന്നറിയപ്പെട്ടു. ഇപ്പോൾ മാർത്തോമാശ്ലീഹാ

സ്ഥാപിച്ച ദേവാലയമെന്ന് പറഞ്ഞ് കത്തോലിക്കാസഭ പാലയൂർ എന്ന ഒരു ദേവാലയത്തെ ഉയർത്തിക്കാട്ടുന്നുണ്ടെങ്കിലും ചാട്ടുകുളങ്ങര പാലൂർ എന്നറിയപ്പെടുന്ന സ്ഥലം ഇപ്പോൾ ആർത്താറ്റ് മർത്തമറിയം പള്ളി സ്ഥിതിചെയ്യുന്ന പ്രദേശമാണ്. ചാട്ടുകുളത്തിന് സമീപമുള്ള പള്ളി എന്ന അർത്ഥത്തിലായിരിക്കാം 'ചാട്ടുകുളങ്ങരപള്ളി' എന്ന് ഇതിനെ പുരാതനകാലത്ത് വിളിച്ചുവന്നത്. പിന്നീട് പേര് 'ആർത്താറ്റ് പള്ളി' എന്നായി. മലങ്കരസഭയിലെ ജനങ്ങളെ ബലമായി റോമൻ കത്തോലിക്കാസഭയിൽ ചേർക്കാൻ 1599-ൽ മെനേസിസ് എന്ന പറങ്കി മെത്രാൻ വിളിച്ചുകൂട്ടിയ ഉദയംപേരൂർ സുന്നഹദോസിൽ നിന്നും ഈ പള്ളി പ്രതിനിധികൾ പ്രതിഷേധിച്ച് ഇറങ്ങിപ്പോന്നു. അന്ന് കൊച്ചിരാജ്യത്തിന്റെ ഏറ്റവും വടക്കേ അറ്റത്ത് കിടന്നിരുന്ന ചാട്ടുകുളങ്ങര പള്ളിയെ 'അയർത്ത അറ്റത്തെ പള്ളി' എന്ന് ബഹുമാനപുരസ്സരം മറ്റു പള്ളിക്കാർ വിളിച്ചുവന്നു. 'അയർക്കുക' എന്ന വാക്കു പഴയ കാലത്ത് 'എതിർക്കുക' എന്ന അർത്ഥത്തിൽ ഉപയോഗിച്ചു വന്നിരുന്നു. 'അയർത്ത അറ്റത്തെ പള്ളി' ലോപിച്ച് ആർത്താറ്റ് പള്ളിയായി എന്നും പറയപ്പെടുന്നു. പല പ്രാവശ്യം പള്ളി പുതുക്കിപണിതിട്ടുണ്ട്. 1789-ൽ ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് പള്ളി തീവെച്ച് നശിപ്പിച്ചു. പടയോട്ടത്തിൽ ഭയന്ന് പലരും തെക്കൻ പ്രദേശങ്ങളിൽ അഭയം പ്രാപിക്കുക ഉണ്ടായിട്ടുണ്ട്. ഇടവകക്കാരിൽ ചിലർ കത്തോലിക്കാ വിശ്വാസികളായതിനാൽ പള്ളിയെ സംബന്ധിച്ച് തർക്കം വരികയും അന്നത്തെ കൊച്ചി രാജാവായ ശക്തൻ തമ്പുരാൻ 1805-ൽ സ്ഥലത്തുവന്ന് നറുക്കിട്ട് ഒത്തുതീർപ്പ് ഉണ്ടാക്കുകയും ചെയ്തു. പള്ളി ഓർത്തഡോക്സ് വിഭാഗക്കാർക്കും, കുരിശ് റോമ്മാക്കാർക്കും ലഭിച്ചു. 1806-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (പഴയസിമ്മനാരി സ്ഥാപകനായ പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസിയോസ്) പള്ളി ഇന്നു കാണുന്ന രൂപത്തിൽ പുതുക്കിപണിതു. 1808 ജനുവരി 14-ാം തീയതി ക്ലോഡിയസ് ബുക്കാനൻ ആർത്താറ്റ് പള്ളി സന്ദർശിക്കുകയും ഒരു വിലപിടിച്ച സ്വർണ്ണ മെഡൽ (പത്താക്ക്) സമ്മാനമായി കൊടുക്കുകയും ചെയ്തു. കുന്നംകുളം ഭദ്രാസനം നിലവിൽ വന്നതിനുശേഷം ആർത്താറ്റ് പള്ളിയെ കത്തീഡ്രൽ ദേവാലയമായി ഉയർത്തി.

പറവൂർ (കോട്ടക്കാവ്)

കോട്ടയ്ക്ക് അകത്ത് കാവ് എന്നർത്ഥമുള്ള കോട്ടയ്ക്കാവ് ദ്രാവിഡ ഹൈന്ദവരുടെ കേന്ദ്രമായിരുന്നു. സർപ്പക്കാവുകൾ ഹൈന്ദവസമുദായത്തിന്റെ പ്രത്യേകതയാണല്ലോ. ഈ ദേശത്തും മാർത്തോമാ ഒരു നസ്രാണി ക്രിസ്ത്യാനി സമൂഹത്തെ സൃഷ്ടിച്ചു. പള്ളിയുടെ മതിൽ കേന്ദ്ര പുരാവസ്തു ഗവേഷണ വകുപ്പ് സംരക്ഷണ സ്ഥാപനമായി പ്രഖ്യാപിച്ചിട്ടുണ്ട്. കോട്ടക്കാവ് പള്ളി മാർ സാപ്പോർ, മാർ ഫ്രോത്ത് എന്നിവർ പുതുക്കി പണിതതായി പറയപ്പെടുന്നു. വിശുദ്ധരായ ഇവരുടെ നാമത്തിൽ പിന്നീട് അറിയപ്പെട്ട ഈ പള്ളി 1599-ലെ ഉദയംപേരൂർ സുന്നഹദോസിന് ശേഷം വി. ഗർവ്വാസീസ്, വി. പ്രോത്താസീസ് എന്നിവരുടെ പേരിലാക്കി. 1308-ൽ പള്ളി രണ്ടാമതും പുനരുദ്ധരിച്ചു. 1607-ൽ കൊടുങ്ങല്ലൂർ ബിഷപ്പായ ഫ്രാൻസിസ് റോസിന്റെ (1624 ഫെബ്രുവരി 18-ന് കാലം ചെയ്തു) കബറിടം ഈ ദേവാലയത്തിലാണ്. മൂന്നാമത്തെ പുനരുദ്ധാരണത്തിന് ശേഷം 2002 ഓഗസ്റ്റ് 15-ന് കർദിനാൾ മാർ വർക്കി വിതയത്തിൽ പള്ളി കൂദാശ ചെയ്തു.

ഗോക്കമംഗലം

മാർത്തോമാശ്ലീഹായാൽ സൃഷ്ടിക്കപ്പെട്ട മറ്റൊരു ക്രൈസ്തവസമൂഹം ഗോക്കമംഗലത്തേതാണ്. ഒരു വർഷത്തെ പ്രേക്ഷിത പ്രവർത്തനഫലമായി 1600-ഓളം പേർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചതായി പുരാതന കൃതിയായ റമ്പാൻ പാട്ടിൽ പറയുന്നു. 1999 നവംബറിൽ പ. ജോൺ പോൾ ദ്വിതീയൻ മാർപാപ്പാ ഇറ്റലിയിലെ ഓർത്തോണയിൽ നിന്നും കൊണ്ടുവന്ന തിരുശേഷിപ്പ് ഇവിടെ സ്ഥാപിച്ചു. ഇവിടുത്തെ കുരിശുസ്തംഭത്തിൽ മാർത്തോമ്മാശ്ലീഹാ സൃഷ്ടിച്ച മറ്റ് ക്രൈസ്തവ സമൂഹങ്ങളുടെ നിലവിലുള്ള ദേവാലയങ്ങളുടെ (കൊടുങ്ങല്ലൂർ, പാലയൂർ.....) രൂപം കൊത്തിവച്ചിട്ടുണ്ട്.

നിരണം (തൃക്കപാലേശ്വരം)

ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടുകളിൽ ഒരു അന്താരാഷ്ട്ര വാണിജ്യകേന്ദ്രമായിരുന്നു നിരണം. കുട്ടനാട്ടിലെ മേൽ കുട്ടനാട് എന്ന സ്ഥലത്താണ് നിരണം. ആധുനിക ഗവേഷണങ്ങൾ നിരണത്തിന്റെ വാണിജ്യ പ്രാധാന്യം വെളിവാക്കുന്നു. നിരണം മർത്തമറിയം പള്ളി മാർത്തോമാ നസ്രാണികൾ തങ്ങളുടെ ആരാധനാവശ്യത്തിനായി നിർമ്മിച്ച ദേവാലയമാണ്. എ. ഡി. 54-ൽ ആണ് നിരണത്ത് ക്രൈസ്തവ സമൂഹം സൃഷ്ടിക്കപ്പെട്ടത്. ആദ്യ ദേവാലയം എന്നു സ്ഥാപിക്കപ്പെട്ടു എന്ന് വ്യക്തമല്ല. എ. ഡി. 1259-ൽ ദേവാലയം പുതുക്കി പണിതതായി ചരിത്രം രേഖപ്പെടുത്തുന്നു. മാർത്തോമാ മെത്രാന്മാരുടെ കാലത്ത് സഭയിലെ ദേവാലയങ്ങളിൽ രണ്ടാം സ്ഥാനം നിരണത്തിന് (ഒന്നാം സ്ഥാനം അങ്കമാലി) ആയിരുന്നു. ഇപ്പോഴത്തെ ദേവാലയം 1912 ഫെബ്രുവരി 14-ാം തീയതി മലങ്കര മെത്രാപ്പോലീത്താ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് (വട്ടശേരിൽ) തിരുമേനി കൂദാശ ചെയ്തു. മലങ്കരസഭാ തലവന്മാരായ മാർത്തോമാ ദ്വിതീയൻ, മാർത്തോമാ അഞ്ചാമൻ എന്നിവരുടെ കബറിടങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നു. 1912 സെപ്റ്റംബർ 15-ന് മലങ്കരസഭയുടെ പ്രഥമ കാതോലിക്കാ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായും, 1925 ഏപ്രിൽ 30-ന് ദ്വിതീയ കാതോലിക്കാ പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവായും കാതോലിക്കാ സ്ഥാനാഭിഷിക്തരായത് ഇവിടെ വച്ചാണ്. 1962 മെയ് 17, 1974 ഒക്ടോബർ 2 തീയതികളിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങൾ നടന്നു. 1975 ഫെബ്രു. 16-ന് 5 മേല്പട്ടക്കാരെ ഈ ദേവാലയത്തിൽ വച്ച് പ. ഔഗേൻ ബാവാ വാഴിച്ചു.



ചായൽ (നിലയ്ക്കൽ)

ഒന്നാം നൂറ്റാണ്ടിൽ ഒരു ജനവാസകേന്ദ്രമായിരുന്നു റാന്നിക്ക് കിഴക്ക് സ്ഥിതിചെയ്യുന്ന നിലയ്ക്കൽ. മാർത്തോമാശ്ലീഹാ സഹ്യപർവ്വതം കടന്ന് ഇവിടെയെത്തി സുവിശേഷം അറിയിക്കുകയും ഒരു ക്രൈസ്തവസമൂഹത്തെ സൃഷ്ടിക്കുകയും ചെയ്തു. എട്ടു നൂറ്റാണ്ടുകൾ മുമ്പുവരെ വ്യാപാരകേന്ദ്രമായിരുന്ന ഇവിടെനിന്ന് ആളുകൾ കവർച്ചക്കാരുടെ ആക്രമണം, ഹിംസ്രജന്തുക്കളുടെ ഉപദ്രവം എന്നിവ നിമിത്തം പല നാടുകളിലേക്ക് ഓടിപ്പോയി. ക്രൈസ്തവ ലോകത്തെ ഏക എക്യുമെനിക്കൽ ദേവാലയമാണ് ഇത്. നിലയ്ക്കലിലെ പുരാതന ദേവാലയം 14-ാം നൂറ്റാണ്ടിൽ നശിപ്പിക്കപ്പെട്ടു. 20-ാം നൂറ്റാണ്ടിൽ ഒരു ദേവാലയം നിർമ്മിക്കുന്നതിന് വളരെ പരിശ്രമങ്ങൾ നടത്തുന്നതിനിടയിൽ 1983 മാർച്ച് 23-ന് നിലയ്ക്കലിൽ, സ്റ്റേറ്റ് ഫാമിംഗ് കോർപറേഷൻ സ്ഥലത്തുനിന്നും ഒരു കുരിശ് കണ്ടെടുക്കപ്പെട്ടു. ഈ സംഭവവും അനുബന്ധ സംഭവങ്ങളും കേരളത്തെ ഒരു വർഗ്ഗീയ കലാപത്തിന്റെ വക്കിലെത്തിച്ചു. പിന്നീട് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ (മാത്യൂസ് ദ്വിതീയൻ ബാവാ) നേതൃത്വത്തിൽ പ്രശ്നം രമ്യമായി പരിഹരിച്ചു. അതേത്തുടർന്ന് അവിടെ നിന്നും കിലോമീറ്ററുകൾ മാറി മറ്റൊരു സ്ഥലത്ത് ഓർത്തഡോക്സ്, കത്തോലിക്കാ, യാക്കോബായ, മാർത്തോമാ, സി. എസ്. ഐ. തുടങ്ങിയ കേരളത്തിലെ എപ്പിസ്കോപ്പൽ സഭകൾ സംയുക്തമായി ഒരു എക്യുമെനിക്കൽ ദേവാലയം സ്ഥാപിച്ചു. 1984 ഏപ്രിൽ 8-ന് ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കപ്പെട്ടു.

കുരക്കേണി കൊല്ലം

പശ്ചിമതീരത്തെ പ്രമുഖ തുറമുഖമായ കൊല്ലത്ത് എത്തിയ തോമാശ്ലീഹാ അവിടെയും ഒരു ക്രൈസ്തവസമൂഹത്തെ സൃഷ്ടിച്ചിട്ടുണ്ട്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴാം ക്രൈസ്തവ സമൂഹം കൊല്ലത്താണ്. 9-ാം നൂറ്റാണ്ടിൽ മലങ്കരയിൽ കുടിയേറിയ പേർഷ്യൻ ക്രിസ്ത്യാനികൾ ഒരു പള്ളി സ്ഥാപിച്ചു. ഈ പള്ളിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ടതാണ് തരീസാപ്പള്ളി ചെപ്പേട്. ആ ദേവാലയം കടലെടുത്തു പോയി. 1514-ൽ കേരളം സന്ദർശിച്ച പോർട്ടുഗീസുകാരനായ ഡുവാർട്ടെ ബർബോസ കൊല്ലത്ത് ഒരു വലിയപള്ളി ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 1503-ൽ പോർട്ടുഗീസ് മേധാവി കൊല്ലത്തെത്തിയപ്പോൾ അവിടെ 6000-ത്തോളം മാർത്തോമാ ക്രിസ്ത്യാനി കുടുംബങ്ങളുണ്ടായിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരുടെയിടയിൽ ലത്തീൻ ആചാരങ്ങളും

കർമ്മങ്ങളും പോർട്ടുഗീസുകാർ പ്രചരിപ്പിച്ചു. പോർട്ടുഗീസ് സ്വാധീനം സഹിക്കവയ്യാതെ നസ്രാണികൾ ചാത്തന്നൂർ, അടൂർ എന്നിവിടങ്ങളിലേക്ക് മാറിത്താമസിച്ചു. ആര്യങ്കാവ്, അടൂർ, ആയൂർ പ്രദേശങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾ ഏറെയുണ്ടെങ്കിലും കൊല്ലത്ത് ഇന്ന് ലത്തീൻ കത്തോലിക്കരാണ് ഏറെയും. ഇപ്പോഴത്തെ പള്ളി പിന്നീട് നിർമ്മിച്ചതാണ്. മാർ സാപ്പോർ, മാർ ഫ്രോത്ത് എന്നീ വിശുദ്ധരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ട ഈ ദേവാലയം ഉദയംപേരൂർ സുന്നഹദോസിൽ വച്ച് കാദീശന്മാരുടെ (എല്ലാ പരിശുദ്ധന്മാർ) നാമത്തിൽ പുനർ നാമകരണം ചെയ്യപ്പെട്ടു.

തിരുവിതാംകോട് എന്ന അരപ്പള്ളി

തമിഴ്നാട്ടിൽ നാഗർകോവിലിനടുത്ത് തിരുവാംകോട്ടാണ് മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ എട്ടാമത്തെ ക്രൈസ്തവസമൂഹം സ്ഥിതി ചെയ്യുന്നത്. തോമാശ്ലീഹാ തന്റെ പ്രേക്ഷിതദൗത്യവുമായി മദ്രാസിൽ എത്തി. അവിടെയുണ്ടായിരുന്ന അനേകം വെള്ളാള ചെട്ടികളെ ക്രിസ്തു മതത്തിലേക്ക് ചേർത്തു. ഇതിൽ പ്രകോപിതരായ ഭരണാധികാരികൾ അവരെ പീഡിപ്പിക്കുവാൻ ശ്രമിച്ചു. ആ സമയത്ത് തോമാശ്ലീഹാ അവിടെയെത്തി ആ 64 ചെട്ടിയാർ കുടുംബങ്ങളെ കൂട്ടിക്കൊണ്ട് അരുവാമൊഴിപാത കടന്ന് നാഗർകോവിലിൽ എത്തി. അവിടെ അവരെ കുടിപാർപ്പിച്ചു. നാഗർകോവിൽ അക്കാലത്ത് വേണാട് രാജ്യത്തിന്റെ തെക്ക് ഭാഗമായിരുന്നു. വേണാട്ട് രാജാവിന്റെ സഹോദരൻ ഒരിക്കൽ മദ്രാസിൽ വച്ച് ശ്ലീഹായെ കണ്ടപ്പോൾ വേണാട്ട് വരികയാണെങ്കിൽ സഹായസഹകരണങ്ങൾ നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് ശ്ലീഹായും വിശ്വാസികളും നാഗർകോവിലിൽ എത്തിയത്. അവർ അടുത്തുള്ള തിരുവിതാംകോട് രാജകൊട്ടാരത്തിൽ എത്തി വേണാട്ട് രാജാവിനെ കണ്ടു. അദ്ദേഹം 64 കുടുംബങ്ങൾക്കും വീടു വയ്ക്കുന്നതിനുള്ള സ്ഥലവും ആരാധനയ്ക്ക് അനുവാദവും നൽകി.

രാജാവിന്റെ വാസസ്ഥലത്തെ അരചന്റെ മന എന്ന അർത്ഥത്തിൽ 'അരമന' എന്നാണല്ലോ വിശേഷിപ്പിക്കുന്നത്. അതേപോലെ അരചന്റെ സഹായത്താൽ സ്ഥാപിച്ച ആരാധനാസമൂഹം പിന്നീട് 'അരപ്പള്ളി' എന്നറിയപ്പെട്ടു. അല്ലാതെ തോമാശ്ലീഹാ പള്ളി പണിയാതെ ഒരു കുരിശ് മാത്രം സ്ഥാപിച്ചതുകൊണ്ടോ വൈദികനെ അഭിഷേകം ചെയ്യാതെ ക്രൈസ്തവസമൂഹം സൃഷ്ടിച്ചതുകൊണ്ടോ ആണ് അതിനെ അരപ്പള്ളി എന്നു വിളിച്ചത് എന്ന് പറയുന്നത് ചരിത്രപരമായി നിലനിൽക്കുന്നതല്ല. ഒന്നാം നൂറ്റാണ്ടിൽ ലോകത്തൊരിടത്തും ക്രൈസ്തവ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നില്ല. ആദിമ ക്രിസ്ത്യാനികളുടെ അടയാളങ്ങൾ പ്രാവ്, മത്സ്യം തുടങ്ങിയവ ആയിരുന്നു. കുരിശിന് ക്രൈസ്തവസഭയിൽ പ്രാധാന്യം ഉണ്ടാകുന്നത് റോമാ ചക്രവർത്തിയായ കുസ്തന്തീനോസ് കുരിശടയാളം മുഖേന വിജയിക്കുകയും തുടർന്ന് കർത്താവിന്റെ കുരിശ് കണ്ടെടുക്കുകയും ചെയ്തതോടെയാണ്. ഇടയനില്ലാത്ത ഒരു ആട്ടിൻപറ്റത്തെ സൃഷ്ടിച്ചിട്ടു പോകുവാൻ മാർത്തോമാശ്ലീഹാ തയ്യാറായി എന്നു കരുതുവാനും സാധ്യമല്ല. അതുകൊണ്ട് തന്നെ അരചന്റെ പള്ളി എന്ന അർത്ഥത്തിലാണ് 'അരപ്പള്ളി' എന്ന പേര് ലഭിച്ചത് എന്ന് നിസ്സംശയം പറയാം. തമിഴ്നാട്ടിൽ 'തോമയാർകോവിൽ' എന്നറിയപ്പെടുന്ന ഈ ദേവാലയം ലോക ക്രൈസ്തവ ദേവാലയങ്ങളിൽ ഏറ്റവും പുരാതനമായ ഒന്നാണ്. 1599-ലെ ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുക്കാതിരുന്ന 2 ദേവാലയങ്ങളിൽ ഒന്നാണ് ഇത്. സുറിയാനി ദേവാലയങ്ങളിൽ നിന്ന് വ്യത്യസ്തമായി ദക്ഷിണ തിരുവിതാംകൂറിലെ തമിഴ് ക്ഷേത്ര മാതൃകയിലാണ് ഈ പള്ളി നിർമ്മിച്ചിരിക്കുന്നത്.



ഓർമ്മ ജൂലൈ 4-ന്
കോലഞ്ചേരി മാർ പത്രോസ് പൗലൂസ് പള്ളിയിൽ

മാർ തോമ്മാ ഏഴാമൻ

(1808–1809)

വലിയ മാർ ദീവന്നാസ്യോസ് ഏഴാം മാർത്തോമ്മായ്ക്ക് 1794 ഏപ്രിൽ 17-ന് റമ്പാൻ സ്ഥാനവും 1796 മെയ് 5-ന് മെത്രാൻ സ്ഥാനവും നൽകി. മുൻഗാമി നിശ്ചയിച്ചിരുന്നപ്രകാരം 1808 ഡിസംബറിൽ 3,000 പൂവരാഹൻ (10500 രൂപ) എട്ട് ശതമാനം പലിശ നിരക്കിൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ സ്ഥിരനിക്ഷേപമായി അടച്ചു. ഇതിൽനിന്നും കിട്ടുന്ന പലിശ ധർമ്മ വിഷയത്തിന് വിനിയോഗിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. ഈ സ്ഥിര നിക്ഷേപ തുക പിൽക്കാലത്ത് 'വട്ടിപ്പണം' എന്ന പേരിൽ അറിയപ്പെട്ടു. ഇദ്ദേഹം 1809 ജൂലൈ 4-ന് കണ്ടനാട്ടുവെച്ച് കാലംചെയ്തു. കോലഞ്ചേരി മാർ പത്രോസ് പൗലൂസ് പള്ളിയിൽ അടക്കപ്പെട്ടു.



ഓർമ്മ ജൂലൈ 7-ന്
പത്തനാപുരം മൗണ്ട് താബോർ ദയറായിൽ

സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (1924-1997)

കുണ്ടറ മുളമൂട്ടിൽ ചാണ്ടപ്പിള്ളയുടേയും എലിസബത്തിന്റെയും മകനായി 1924 ആഗസ്റ്റ് 6-നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം തിരുച്ചിറപ്പള്ളി നാഷണൽ കോളജിൽ നിന്ന് ബി.എ. യും മദ്രാസ് മെസ്റ്റൺ കോളജിൽ നിന്ന് ബി.എഡും കരസ്ഥമാക്കി.

1940-ൽ പത്തനാപുരം താബോർ ദയറായിൽ അംഗമായി. തോമാ മാർ ദീവന്നാസിയോസിന്റെ ശിക്ഷണത്തിൽ വൈദികാഭ്യസനം നടത്തി. 1945-ൽ ശെമ്മാശുപട്ടവും 1951-ൽ കശ്ശീശാപട്ടവും സ്വീകരിച്ചു. തുടർന്ന് തിരുച്ചി സെന്റ് തോമസ്, മധുര സെന്റ് തോമസ്, മദ്രാസ് സെന്റ് തോമസ് എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

1971-ൽ റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1978 മെയ് 15-ന് പഴഞ്ഞിയിൽ വച്ചു നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ഇദ്ദേഹത്തെ സഖറിയാസ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ യായി വാഴിച്ചു. 1979 ജനുവരി 1-ന് മദ്രാസ് ഭദ്രാസനാധിപനായി നിയമി തനായി.

മലങ്കരസഭാ മാസിക ചീഫ് എഡിറ്റർ, മദ്രാസ് സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, തൃശ്ശിനാപ്പള്ളി ഹൈസ്കൂൾ ഹെഡ് മാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹം മദ്രാസ് മെഡിക്കൽ മിഷന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റഷ്യ, റുമേനിയ, ബൾഗേറിയ, അമേരിക്ക തുടങ്ങി നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. 1976-ൽ പ. കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ സഹോദരീ സഭകൾ സന്ദർശിച്ച ഡലിഗേഷനിലെ അംഗ മായിരുന്നു.

ധ്യാനഗുരു, എഴുത്തുകാരൻ, സംഘാടകൻ എന്നീ നിലകളിൽ അറിയ പ്പെട്ടു. മദ്രാസ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദക്ഷിണേ ന്ത്യയിലെ ഒന്നാംകിട ഹോസ്പിറ്റലായ മദ്രാസ് മെഡിക്കൽ മിഷന്റെ സ്ഥാപനത്തിനു പിന്നിൽ അക്ഷീണം യത്നിച്ചു. വിവിധങ്ങളായ വിദ്യാ ഭ്യാസ സാമൂഹ്യ ആതുരസേവന രംഗങ്ങളിൽ പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ വളരെയധികം പ്രയത്നിച്ചു.

1997 ജൂലൈ 7-നു കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ജൂലൈ 7.

മലങ്കര നസ്രാണികൾ: രണ്ട് വിദേശികളുടെ എഴുത്തുകളിൽ

ഫ്രാൻസിസ് ബുക്കാനന്റെ വിവരണം

1800-ൽ കുന്നംകുളം ചാട്ടുകുളങ്ങര പ്രദേശങ്ങൾ സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനന്റെ വിവരണം.

9th December: ... opposite to our encampment was Nazaren or Christian village, named Cunnung Colungcurry Angady, which looks very well being seated on a rising ground amid fine groves of the Betel - nut palm. The Papa or preist waited on us. He was attended by a pupil, Who behaved to his superior with the utmost deference.

The Papa was very well dressed in a blue robe; and, though his ancestors have been settled in the country for many generations, he was very fair, with high Jewish features. The greater part of the sect, however entirely resemble the aborigines of the country, from whom indeed they are descended.

The Papa informed me that his sect are dependant on the Jacobite Patriarch of Antioch, but that they have a metropolitan, who resides in the dominions Travancore, and who is sent by the Patriarch on the death of his predecessor. None of the Papas, of inferior clergy, go to Antioch for their education, and all of them have been born in the country. My visitor understood no languages but the Syriac, and that of Malayala. He preaches in the latter; but all the ceremonies of the church are performed in the Syriac. In their churches they have neither images nor pictures but the Nazarens worship the cross. Their clergy are allowed to marry; my visitor however, seemed to be not a little proud of his observing celibacy, and a total abstinence from animal food. He said, that, so far as he remembers, the number of the sect seems neither to be increasing nor diminishing. Converts, however are occasionally made of both Nairs and shanars; but no instance occurs of a Moplay having been converted, nor of a Namburi, unless he had previously lost cast.

The Papa says, that the Nazerens were introduced 1740 years ago, by a certain saint named Thomas, who, landing at Meila-pura, took up his residence on a hill near Madras, and which is now called after his name. He afterwards made a voyage to Cochin, and in that neighbourhood settled, a church, which is now the metropolitan, as the portuguese drove all the Nazarens from the eastern coast. St. Thomas afterwords returned to Maila-pura, where he died. At that time Malayala belonged to the Brahmans, who were governed by a Raja sent by Sholun Permal, the sovereign king of the south. The Papa then related the history of Cheraman Permal nearly as I have given it (p. 348, 9). ....

In the afternoon we went to the Nazareny village, which contains many houses regularly disposed, and full of people. For an Indian town it is well built and comparatively clean. It has a new church of considerable size. An old church is situated at some distance on a beautiful rising ground. It is now unroofed; but the walls, although built of indurated clay only, continue very fresh and strong. The altar is arched over with the same materials and possesses some degree of elegance. The burying ground is at the west end of the church, when the principal door is placed from its being very small, the graves must be opened long before the bones are consumed. As the graves are opened for the new bodies, the old bones are collected, and thrown into an open pit near the corner of the church. where they are exposed to the view of all passengers."

വിവർത്തനം: "ഡിസം. 9. എന്റെ താമസസ്ഥലത്തിന് അഭിമുഖമായി കവുങ്ങുംതോട്ടങ്ങൾക്കിടയിൽ ഒരു ഉയർന്ന സ്ഥലത്ത് കുന്നംകുളങ്ങര അങ്ങാടി എന്ന് വിളിച്ചുവരുന്ന ക്രിസ്ത്യാനികളുടെ ഭംഗിയുള്ള ഒരു ഗ്രാമമുണ്ട്. അവി ടത്തെ പാപ്പ (പുരോഹിതൻ) എന്നെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ കൂടെ വളരെ ആദരവോടുകൂടി പെരുമാറുന്ന ഒരു ശിഷ്യനും ഉണ്ടായിരുന്നു. പാപ്പാ വൃത്തി യുള്ള ഒരു നീലനിറത്തിലുള്ള അങ്കി ധരിച്ചിരുന്നു. ഇദ്ദേഹത്തിന്റെ പൂർവിക ന്മാർ ഈ രാജ്യത്ത് അനേകം തലമുറകൾക്ക് മുമ്പ് താമസിച്ചു വന്നിരുന്നതാ ണെങ്കിലും ഇദ്ദേഹത്തിന് ഇപ്പോഴും യഹൂദന്റെ ആകൃതിയും രൂപലാവണ്യവു മുണ്ട്. സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളും ഈ രാജ്യത്തിലെ ആദിമ ജാതി യുടെ സന്തതികൾ ആകകൊണ്ട് ആ ലക്ഷണങ്ങൾ തികച്ചും ഇവരിൽ പ്രത്യ ക്ഷപ്പെടുന്നുണ്ട്.

ഈ സമുദായം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലാണെന്നും ഒരു മെത്രാപ്പോലീത്തായുടെ മരണശേഷം വേറൊരു മെത്രാപ്പോലീത്തായെ അന്ത്യോ ഖ്യായിൽ നിന്ന് പാത്രിയർക്കീസ് ഇവിടേക്ക് അയക്കുന്നുണ്ടെന്നും പാപ്പാ എന്നോട് പറഞ്ഞു. പാപ്പാമാരോ അവരുടെ കീഴിലുള്ള പട്ടക്കാരോ അവരുടെ പഠനത്തിനുവേണ്ടി അന്ത്യോഖ്യായിലേക്ക് പോവുക പതിവില്ല. ഇവരൊക്കെ ഈ നാട്ടിൽ ജനിച്ചവരാണ്. ഈ പാപ്പായ്ക്ക് സുറിയാനിയും മലയാളവും ഒഴികെ വേറൊരു ഭാഷയും അറിഞ്ഞുകൂടാ. ഇദ്ദേഹം പ്രസംഗിക്കുന്നത് മലയാളത്തിലും പള്ളിശുശ്രൂഷാദികൾ കഴിക്കുന്നത് സുറിയാനിയിലുമാണ്. ഇവരുടെ പള്ളിക ളിൽ രൂപങ്ങളോ ചിത്രങ്ങളോ ഇല്ല. നസ്രാണികൾക്ക് സ്ലീബാ വന്ദനവുണ്ട്. ഇവരുടെ പട്ടക്കാർക്ക് വിവാഹം കഴിക്കുന്നതിന് അനുവാദം ഉണ്ട്. എന്നാൽ ഈ പാപ്പാ താൻ വിവാഹം കഴിക്കുകയില്ലെന്ന് സത്യപ്രതിജ്ഞ എടുത്തവൻ ആണെന്നും മാംസം ഭക്ഷിക്കുന്നവനല്ലെന്നും അഭിമാനിക്കുന്നു. ഈ സമുദായം വർദ്ധിക്കുകയോ കുറയുകയോ ചെയ്യുന്നില്ലെന്നും നായന്മാരിൽ നിന്നും ചാന്നാ ന്മാരിൽ നിന്നും ദുർല്ലഭമായി ചില മതപരിവർത്തനങ്ങൾ ഉണ്ടാകുന്നുണ്ടെന്നും

എന്നാൽ ഇക്കാലങ്ങളിൽ മുഹമ്മദീയരിൽ നിന്നോ നമ്പൂതിരിമാരിൽ നിന്നോ സമുദായഭ്രഷ്ട് മൂലമല്ലാതെ ആരേയും ലഭിക്കുന്നില്ലെന്നും പറയുകയുണ്ടായി.

1740 വർഷങ്ങൾക്കു മുമ്പ് മൈലാപ്പൂരിലെത്തി മദ്രാസിനടുത്ത് ഒരു കുന്നിന്മേൽ താമസമുറപ്പിച്ച തോമസ് എന്ന് പേരായ ഒരു വിശുദ്ധൻ പിന്നീട് കടൽ വഴി കൊച്ചിയിൽ വരികയും സമീപപ്രദേശത്ത് ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. കിഴക്കേ സമുദ്രതീരപ്രദേശത്തു നിന്ന് പോർച്ചുഗീസുകാരാൽ ഓടിക്കപ്പെട്ട നസ്രാണികളുടെ സങ്കേതമാണ് ഇപ്പോൾ ഇവിടം (എ.ഡി. 50-കളിൽ ഇന്ത്യയിൽ വന്ന് സഭ സ്ഥാപിച്ച തോമസ് എന്ന വിശുദ്ധൻ, ക്രിസ്തുശിഷ്യനായ മാർ തോമ്മാശ്ലീഹായാണെന്ന് രേഖപ്പെടുത്താതിരിക്കാൻ ബുക്കാനൻ വളരെ ശ്രമിച്ചിട്ടുണ്ട്. ഇന്ത്യൻ സഭ അപ്പോസ്തോലിക സഭയാണെന്ന് സമ്മതിക്കാൻ പാശ്ചാത്യന്റെ അഹന്ത വൈമനസ്യം കാണിക്കുന്നു. തങ്ങളുടെ കോളനിയിൽ തങ്ങളേക്കാൾ പൂർവ്വികമായതും അപ്പോസ്തോല സ്ഥാപിതവുമായ ഒരു സഭ ഉണ്ടെന്ന് സമ്മതിക്കാൻ കോളനി യജമാനന്മാർ വിമുഖത കാട്ടുന്നത് ശ്രദ്ധേയം - ഗ്രന്ഥകാരൻ). സെന്റ് തോമസ് പിന്നീട് മൈലാപ്പൂരിലേക്ക് മടങ്ങുകയും അവിടെവെച്ച് അന്തരിക്കുകയും ചെയ്തു. അക്കാലത്ത് മലയാളം ബ്രാഹ്മണരുടേതായിരുന്നു. തുളുനാട്ടിലെ പെരുമാൾ അയച്ച ഒരു രാജാവ് അവരെ ഭരിച്ചു വന്നു. ഈ പെരുമാൾ തമിഴകത്തിന്റെ അനിഷേധ്യ നേതാവായിരുന്നു. സമീപത്തുള്ള ചേരമാൻ പെരുമാളേപ്പറ്റി പാപ്പാ എന്നോട് പിന്നീട് വിശദീകരിച്ചു. അക്കാര്യം ഞാൻ നേരത്തെ പ്രതിപാദിച്ചിട്ടുണ്ട് (പു. 328, 329).

സായാഹ്നത്തിൽ നിരനിരയായി നിരവധി ഭവനങ്ങൾ അണിനിരന്ന് നില്ക്കുന്നതും നിറയെ ആൾതാമസമുള്ളതുമായ നസ്രാണികളുടെ ഗ്രാമത്തിലേക്ക് ഞങ്ങൾ പോയി. ഇന്ത്യൻ നില വെച്ച് നോക്കുമ്പോൾ ഗ്രാമസംവിധാനം കുറ്റമറ്റതും വൃത്തിയുള്ളതുമാകുന്നു. അവിടെ ശ്രദ്ധേയമാം വിധം വലുപ്പമുള്ള ഒരു പുതിയ പള്ളിയുണ്ട്. അല്പം അകലെ ഉയർന്നു ഭംഗിയുള്ള സ്ഥലത്തു പ്രാചീനതമമായ ഒരു പള്ളി സ്ഥിതിചെയ്യുന്നു. അതിന്റെ മേൽക്കൂര ഇപ്പോൾ ഇല്ല. ചുട്ടെടുത്ത മൺകട്ടകൊണ്ട് നിർമ്മിച്ചതെങ്കിലും അതിന്റെ ഭിത്തികൾ ബലമുള്ളതും പുതുമ നശിക്കാത്തതുമാകുന്നു. അതിന്റെ മദ്ബഹാ മേല്പ്പറഞ്ഞ ചുടുകട്ടകൊണ്ട് വളച്ച് പണിതിരിക്കുന്നു. പ്രൗഢഗംഭീരമായിരിക്കുന്നു അതിന്റെ നിർമ്മിതി. പ്രധാനവാതിൽ ക്രമീകരിച്ച പടിഞ്ഞാറുഭാഗത്താണ് ശവസംസ്കാരഭൂമിക. ചെറിയ പ്രദേശമായതിനാൽ അസ്ഥികൾ ദ്രവിക്കുന്നതിന് മുമ്പായി (കുഴികൾ പുതിയ മൃതദേഹങ്ങൾ സംസ്ക്കരിക്കുവാനായി) തുറക്കേണ്ടി വരുന്നു. പുതിയ ശവശരീരങ്ങൾ എത്തുമ്പോൾ ശ്മശാനത്തിലെ പഴയ കല്ലറകൾ തുറന്ന് അവയിലുള്ള എല്ലുകൾ എല്ലാം ശേഖരിച്ച് പള്ളിയുടെ അരികിലായുള്ള ഒരു തുറന്ന കുഴിയിൽ (അസ്ഥിക്കുഴി) അവ ഇടുകയാണ് പതിവ്. ആ വഴിയേ പോകുന്ന ആർക്കും ഇവ കാണാവുന്നവിധമാണ് ഈ കുഴി ഉണ്ടാക്കിയിരിക്കുന്നത്.

... ചാട്ടുകുളങ്ങരയിൽ നിന്ന് "ഞങ്ങൾ ചാവക്കേട്ടേക്കുപോയി. അവിടത്തെ കളക്ടർ ആയ മി. ഡ്രമ്മണ്ടിന്റെ വസതിയിലാണ് ഞങ്ങൾക്കു താമസിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തിരുന്നത്. ഒരു വഞ്ചിയിൽ കയറി ഇറങ്ങിയാണ് ഞങ്ങൾ ഈ പ്രദേശത്ത് എത്തിയത്" (പുറം 48, വിവർത്തനം).

ക്ലോഡിയസ് ബുക്കാനന്റെ വിവരണം

1819-ൽ മൂന്നാം പതിപ്പായി റവ. ഹഫ് പിയേഴ്സൺ ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിച്ച *ദി മെമ്മോയേഴ്സ് ഓഫ് ദി ലൈഫ് ആൻഡ് റൈറ്റിംഗ്സ് ഓഫ് ദി റവ. ക്ലോഡിയസ് ബുക്കാനൻ* എന്ന പുസ്തകത്തിൽ (വാല്യം 1) ആ സന്ദർശനത്തെപ്പറ്റി താഴെ പറയുംപ്രകാരം വിവരിച്ചിരിക്കുന്നു.

തലശ്ശേരി, ജനുവരി 14, 1808 എന്ന് സ്ഥലവും തീയതിയും ചേർത്താണ് ആ കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. "...... കേണൽ മെക്കാളെ ഇരുവരെയും എന്നോടുകൂടെ അനുയാത്ര ചെയ്തു. കൊച്ചിയിൽ നിന്ന് ആദ്യം ഞങ്ങൾ സഞ്ചരിച്ചത് തൃശൂരിലുള്ള സുപ്രസിദ്ധ സംസ്കൃത കോളജിലേക്കാണ്. അതിനുശേഷം സുറിയാനി ക്രിസ്ത്യാനികളുടെ ജില്ലയിലേക്ക് നീങ്ങി. അവിടം ഞാൻ നേരത്തെ സന്ദർശിച്ചിരുന്നില്ല. ഹൈദർ (അലി) ആ സ്ഥലത്തെ നസ്രാണി ഗൂർ - നസ്രാണികളുടെ പട്ടണം - എന്ന് നാമകരണം ചെയ്തിരുന്നു. അത് ഫലഭൂയിഷ്ടവും ജനസാന്ദ്രവും മനോഹരവും ആയിരുന്നു. നാല് ഗെയ്റ്റുകളുള്ള നാല് ചത്വരങ്ങളായാണ് (four square) നഗരം സംവിധാനം ചെയ്തിട്ടുള്ളത്. അങ്ങാടികൾതോറും പാറയിൽ വെട്ടിയ പടവുകൾ ഉണ്ടായിരുന്നു. ഒരു കുന്നിൻ താഴ്വാരത്തിൽ ആണ് അത് പണിയപ്പെട്ടിരുന്നത്. ചെറു ശിഖരങ്ങളുള്ള വൃക്ഷങ്ങൾ ചുറ്റിലും ഉണ്ടായിരുന്നു. കുന്നിന്റെ താഴ്വാരത്തെ പുൽമൈതാനങ്ങൾ അലങ്കരിച്ചിരുന്നു. ആ പ്രദേശം മുഴുവൻ കുന്നുകളും താഴ്വരകളും ആയിരുന്നു. അവിടുത്തെ പുരോഹിതന്മാർക്കും ജനങ്ങൾക്കും ഞാൻ പരിചിതൻ ആയിരുന്നു. അവർ വാത്സല്യപൂർവ്വം ഞങ്ങളെ സ്വീകരിച്ചു. കേണൽ മെക്കാളെ പ്രധാന ദേവാലയത്തിലേക്ക് എന്നോടൊപ്പം വന്നു. മലങ്കരയിലെ എല്ലാ പള്ളികളുടെയും പേരിൽ ഒരു വലിയ സ്വർണ്ണപതക്കം ഈ പള്ളിക്കു സമ്മാനിക്കുവാനുള്ള എന്റെ ഉദ്ദേശ്യം ഗ്രഹിച്ച് ഒരു വലിയ ജനാവലി അവിടെ സമ്മേളിച്ചിരുന്നു. ക്രിസ്ത്യാനിയല്ലാത്ത ഒരാളും ആ പട്ടണത്തിൽ ഉണ്ടായിരുന്നില്ല. കൽക്കട്ടാ വിടുന്നതിനു മുമ്പ് മിസ്സിസ് ജെ. എനിക്ക് സമ്മാനിച്ച മെഡൽ ആണ് ഞാൻ അവർക്ക് നൽകിയത്. സാധാരണ ഒരു കോളജ് മെഡലിന്റെ മൂന്നിരട്ടി വലുപ്പം ഉണ്ടായിരുന്ന ആ പത്താക്കിന്റെ ഒരു വശത്ത് യോർദ്ദാനിലെ യേശുവിന്റെ മാമ്മൂദീസാ പ്രൗഢഗംഭീരമായി ആലേഖനം ചെയ്തിരുന്നു. മറുഭാഗത്ത് മാമൂദീസായ്ക്കായി ഉപയോഗിക്കപ്പെടുന്ന ഒരു ശിശുവിന്റെ രൂപവും. ജനങ്ങളെ സാക്ഷ്യം നിർത്തി ഞാൻ ആ മെഡൽ ഭക്തിപൂർവ്വം ത്രോണോസിൽ സമർപ്പിച്ചു. ഒപ്പം ദരിദ്രർക്കായി ഒരു സഹായനിധിയും. രണ്ട് ആഴ്ചകൾക്കു മുമ്പ് ഞാൻ സന്ദർശിച്ച കൊച്ചി രാജാവിന്റെ ഭരണസീമയിൽപ്പെട്ട പ്രദേശമായിരുന്നു ഈ പട്ടണം. ടിപ്പു (സുൽത്താൻ) 1789-ൽ ഈ സുറിയാനിക്കാരുടെ ആവാസകേന്ദ്രത്തെ ആക്രമിച്ചു. ക്രിസ്ത്യാനികളെ തൂക്കിക്കൊന്ന വൃക്ഷശിഖരങ്ങളെ ജനങ്ങൾ എനിക്ക് ചൂണ്ടിക്കാണിച്ചുതന്നു. സംഖ്യാബലത്തിലും ഐശ്വര്യത്തിലും അവർ ബഹുമാനത്തോടെ പരിഗണിക്കപ്പെട്ടിരുന്നു. കൊച്ചി രാജാവ് അവർക്ക് പ്രത്യേക പരിഗണനകളും മുൻഗണനകളും നൽകി. മലബാറിലെ ഇംഗ്ലീഷ് ഭരണപ്രദേശത്തു നിന്ന് പൊന്നാനിയിൽ നിന്ന് കിഴക്ക് നാലു മൈൽ ദൂരമേ (ആറര കിലോമീറ്റർ) ഈ ക്രൈസ്തവ അങ്ങാടിക്കുണ്ടായിരുന്നുള്ളൂ. പാലക്കാടും സമീപത്തായിരുന്നു. സുറിയാനിപ്പള്ളികളിലേക്കുള്ള ഈ രണ്ടാം പര്യടനം ഏറെ പ്രയോജനപ്രദമായിരുന്നു (പു. 134-136).

ആർത്താറ്റ് പടിയോല

''കൊല്ലം 981-ാം മത് മകരം ഞായറ്റിൽ പുത്തൻകൂർ സുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാർ എല്ലാവരുംകൂടി നമ്മുടെ ബാവാ ദീവന്നാസ്യോസ് തിരുമുമ്പിൽ എഴുതിവച്ച പടിയോലയാവിത്.

നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ ഇടത്തൂട്ട് ഉപദേശം കേൾക്കയാൽ റോമാവിശ്വാസത്തിലേക്ക് തിരിഞ്ഞുപോയി വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ട് എടുപ്പാൻ ഇടവന്നു. അബദ്ധം കൊണ്ട് വളരെ വ്യാകുലതിന് ഇടവന്നതിനാൽ മേലാൽ അങ്ങനെ വരാതിരിപ്പാൻവേണ്ടി റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്ത്യോഖ്യയിൽ നിന്നോ മറ്റുവല്ല പരദേശത്തുനിന്നോ യാതൊരു മെത്രാന്മാരുടെയും ഉപദേശങ്ങളും നടപ്പുകളും ഒരു നാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാശ്ലീഹായുടെ പൂർവീകവിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെപ്പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽ വച്ച് എഴുതിയ (ത്).

തെക്കേക്കര കുരിയത് കത്തനാർ മേക്ക് വികാരി	ഒപ്പ്
1. ചെറുവത്തൂർ കുഞ്ഞാത്തു	ഒപ്പ്
2. പനക്കൽ താരു	ഒപ്പ്
3. കുത്തൂർ ചുമ്മാർ	ഒപ്പ്
4. കോലാടി ഇട്ടൂപ്പ്	ഒപ്പ്
5. കാക്കശ്ശേരി മാത്തു	ഒപ്പ്
6. ചുങ്കത്ത് ഇയ്യാവു	ഒപ്പ്
7. തോലത്ത് പാത്തു	ഒപ്പ്
8. ചീരൻ പാത്തു	ഒപ്പ്
9. പുലിക്കോട്ടിൽ താരു	ഒപ്പ്
10. കിടങ്ങൻ ചേറുണ്ണി	ഒപ്പ്
11. മണ്ടുമ്പാൽ കുഞ്ഞാത്തു	ഒപ്പ്
12. തെങ്ങുങ്ങൻ കുരിയാക്കു	ഒപ്പ്

(പടിയോലയിലെ രേഖയിൽ സംവൃത 'ഉ' കാരം ഇല്ല. ദീർഘ 'എ' കാരം ഇല്ല. ദീവന്നാത്യോസ്, വാവ, വിച്ചാതം തുടങ്ങിയ രൂപങ്ങളാണ് എഴുതിയിട്ടുള്ളത്. ഇവിടെ ഉദ്ധരിച്ചപ്പോൾ അത് ആധുനികലിപിയും ഭാഷയുമായി വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടു പേരും പേരിനോട് ചേർന്ന് ഒപ്പിട്ടിട്ടുണ്ട്. ലിപിയും ഭാഷയും ആധുനീകരിച്ചത് വിവർത്തകൻ ഫാ. ഡോ. ജോസഫ് ചീരനാണ്.)

മുഖ്യാസനങ്ങൾ ഉപേക്ഷിക്കുക

പെന്തികോസ്തിക്ക് ശേഷം ഒമ്പതാം ഞായർ

(വി. ലൂക്കോസ് 14:7-14)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



ചില സിംപോസിയങ്ങൾ കണ്ടിട്ടുണ്ടാകും. ഗൗരവ്വമായി തീൻമേശ കൾക്കരികെ നടത്തുന്ന ചർച്ചകളാണല്ലോ അവ. ഒരു വിരുന്നിനോട് ചേർന്ന് മുഖ്യാസനങ്ങൾ നേടിയെടുക്കുന്ന തത്രപാടിനെ വിമർശിച്ച് കർത്താവ് നൽകിയ പാഠത്തെ ലൂക്കോസ് ഒരു സിംപോസിയം പോലെ ഭംഗിയായി നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നു. *Respect is to be deserved,not demanded എന്ന് ഒരു ചൊല്ല് തന്നെയുണ്ട്.* വിനയത്തിന്റെ വിഭിന്നഭാവങ്ങളെ അവതരിപ്പിക്കുന്ന ഈ വേദഭാഗം ഈ ആത്മീയ സത്യത്തിലേക്ക് വിരൽചൂണ്ടുകയാണ്.

1) സ്വർഗ്ഗത്തിന്റെ അവകാശികൾ!

സ്ഥാനങ്ങളെ ചൊല്ലിയുള്ള കലഹങ്ങളും കൊലപാതകങ്ങളും ഒട്ടേറെ ഉണ്ടായിട്ടുണ്ട്. വിജയികളെയല്ല, വിശുദ്ധരെയാണ് താൻ പരിഗണി ക്കുന്നത് എന്ന് സൂചിപ്പിക്കുന്ന ഒരു വേദഭാഗമാണിത്. മരുഭൂമിയിലെ പിതാ ക്കന്മാരുടെ കഥകളിൽ വി.മക്കാറിയോസിനോട് അദ്ദേഹത്തെ പരീക്ഷിച്ച് പരാജിതനായ സാത്താൻ പറയുന്നത്, നിന്നെ എനിക്ക് പരാജിതനാക്കാ നാവില്ല, എന്തെന്നാൽ നിന്റെ *വിനയം* അതെന്നെ പരാജയപ്പെടുത്തുന്നു എന്നാണ്. ഇവിടെ സൂചിപ്പിക്കുന്ന എളിമ അഭിനയമല്ല. അതൊരു അടി സ്ഥാനഭാവമായി നമ്മിലുണ്ടാകണം.

മുഖ്യാസനങ്ങൾ ചിലരെ മറ്റുള്ളവരുടെ ഉള്ളിൽ നമ്മെ കുടിയിരുത്തു വാനുള്ള ആഗ്രഹത്തിൽ നിന്നാണ് രൂപപെടുന്നത്. ഒരു നിർവ്വചനം മാർ ഐറേനിയോസ് തിരുമേനി സൂചിപ്പിച്ചിരുന്നു. Fame is the vain attempt to fill another person's mind with oneself. പ്രശസ്തിയുടെ ഉറവിടം ഇങ്ങി നെയാണ്. ഒരർത്ഥത്തിൽ പ്രകടനാത്മാകമായ എല്ലാ ഭാവങ്ങളും മറ്റുള്ള വരുടെ ഉള്ളിൽ കടന്നെത്താനുള്ള ഒരു ഉപാധികളാണ്. *ഒരുക്കി വെച്ച മുഖ്യാസനങ്ങളിൽ ചിലത് ഇരയ്ക്കായി കാത്ത് വെച്ച കെണിപോലെ യാണ്* എന്നൊരു പൂരകം കൂടി ഓർമ്മിക്കുക. സമ്പന്നതയുടെ കിനാവു കൾ നൽകുന്ന മുഖ്യാസനങ്ങൾ ഒരുക്കി വച്ച് സമൂഹത്തെ കൊള്ളയടി ക്കുന്ന ചില പ്രസ്ഥാനങ്ങളെ കേരളം കഴിഞ്ഞകാലങ്ങളിൽ കണ്ടിട്ടുണ്ട്.

പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാച്ചൻ തന്റെ വാർദ്ധക്യ കാല ത്താണ് ആ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. അക്കാലത്ത് ഉന്നതവിദ്യ ഭ്യാസം ലഭിച്ച അദ്ദേഹത്തെ മുമ്പ് നിരവധി തവണ മെത്രാൻ സ്ഥാന ത്തേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ മലമടക്കുകളിലും, അധസ്ഥിത സമൂഹത്തിനും വഴികാട്ടുവാൻ സ്വയം പ്രതിഷ്ഠിച്ച അദ്ദേഹം അത് നിര സിക്കുകയായിരുന്നു. ഇത് ബോധ്യമുണ്ടായിരുന്ന *സഭാഭാസുരൻ* കുറി ച്ചത് *മൂക്കഞ്ചേരിൽ പത്രോസ് കത്തനാർ എന്നെങ്കിലും സന്നദ്ധനാകു ന്നെങ്കിൽ അദ്ദേഹത്തെ മെത്രാച്ചനാക്കണം* എന്നാണല്ലോ. ഭൂമിയുടെ അവ കാശികൾ ആര്? എന്ന് ചോദിക്കുന്നത് പോലെ, സ്വർഗ്ഗരാജ്യത്തിന്റെ അവ കാശികൾ ആര് എന്ന് നാം ചോദിച്ചാൽ അത് നിസ്വരുടെയും വിനീതരു ടെയും ആണ് എന്ന് ഈ വേദഭാഗം അടയാളപ്പെടുത്തുന്നു. സ്വയം ഉയർത്തുന്നവർ താഴ്ത്തപ്പെടുമെങ്കിൽ (വ.11) ഭൂമിയിൽ സ്വർഗ്ഗം തീർ ക്കുന്ന സ്വാർത്ഥമതികൾ എത്ര വലിയ ദുരന്തത്തിലാണ് സ്വയം പ്രതി ഷ്ഠിക്കുന്നത് എന്ന് ചിന്തിക്കുക.

2) വിനയത്തിന്റെ കാപട്യഭാവങ്ങൾ

യേശുതമ്പുരാൻ ഈ ചെറിയ ഉപമയിലൂടെ വലിയ ആശയലോക ത്തേക്കാണ് കൈ ചൂണ്ടുന്നത്. *ഒരു ഗുരു ആകാശത്തെ പൂർണ്ണ ചന്ദ്രനി ലേക്ക് വിരൽ ചൂണ്ടുമ്പോൾ ശിഷ്യൻ ഗുരുവിന്റെ വിരൽ തുമ്പ് മാത്രം കാണുന്നവനാകുമ്പോൾ ഗുരു നിസഹായനാകുന്നു.* ഒരിക്കൽ ഒരു ഗുരു ചോദിച്ചു? ആരാണ് സമാധാനം അന്വേഷിക്കുന്നത് ? കേട്ടവരിൽ ഒരാൾ പെട്ടെന്ന് *ഞാൻ* സമാധാനം അന്വേഷിക്കുന്നു വെന്ന് പറഞ്ഞു. ഗുരു പറഞ്ഞു നിന്നിലെ *ഞാൻ* എന്നത് മാറുമ്പോൾ സമാധാനം ഉണ്ടാകും

ജീവിതത്തെ ലളിതമാക്കുന്നതിന്റെ പാഠങ്ങൾ യേശുവിൽ നിന്ന് നമുക്ക് ആർജ്ജിക്കുവാനാകണം. അൽവാറിയോസ് തിരുമേനിയും, മദർതേരേ സായുമൊക്കെ സ്വന്തം വ്യക്തിത്വങ്ങളുടെ മഹത്വം ഒക്കെ ഉരിഞ്ഞിട്ട് ക്രിസ്തു വഴികളെ സഞ്ചരിച്ചത് ഇങ്ങിനെയാണ്. കുപ്പായത്തിലും, പദ വികളിലും, അഹങ്കാരത്തിലും മുഖം മറച്ചിരിക്കുന്ന കപടവിനയ ധാരി കൾ പതനം തേടുന്ന കൊട്ടാരം പോലെയാണ് എന്ന ചിന്തയുണ്ടാകണം.

സൂക്തങ്ങൾ

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ

1. ദൈവത്തിൽനിന്ന് നമുക്ക് എന്തെങ്കിലും കിട്ടണമെന്നിരുന്നാൽ വിനയം, താഴ്മ ഇവയാണ് ആവശ്യം. ഒരുവന്റെ നന്മ കൊണ്ടോ, പണം കൊണ്ടോ, പ്രവൃ ത്തികൊണ്ടോ ദൈവത്തിങ്കൽനിന്ന് ഒന്നും പ്രാപിപ്പാൻ കഴിയുന്നതല്ല.

2. ദൈവസന്നിധിയിൽ നാം പോകുമ്പോൾ നാം ആരാണ് എന്ന് അറിഞ്ഞുകൊണ്ടുവേണം പോകുവാൻ. 'ദൈവമേ എന്നെത്തന്നെ എനിക്കു കാണിക്കേ ണമേ' എന്നു നാം പ്രാർത്ഥിക്കണം. നാം ആയിരിക്കുന്നവണ്ണം നമ്മെ കാണണമെങ്കിൽ ദൈവാത്മാവു നമ്മെ നമുക്കു കാണിക്കണം. എങ്കിലേ യഥാർത്ഥമായി നമ്മെ കാണാൻ കഴിയുകയുള്ളൂ.

3. പരിശുദ്ധന്മാർ എല്ലാവരും പരിശുദ്ധാത്മാവിന്റെ സഹായത്താൽ തങ്ങളെത്തന്നെ കണ്ടവരാണ്. ഇപ്പോൾ നാം ആരാണെന്നോ, നമ്മുടെ നില എന്തെന്നോ , ഉള്ളപ്രകാരം നാം അറിയുന്നില്ല, നാം നമ്മുടേതിനെ ഒളിച്ചു വെയ്ക്കുന്നു. പുണ്യവാന്മാരെന്നു നടിച്ചു നടക്കുന്ന പാപങ്ങളെ നാം പരിഹസിക്കുന്നു. അതിനാൽ നാം നമ്മെത്തന്നെ ഒന്നു കാണണം.